"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 - അരുവിക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.റ്റി.603 (തിരുവനന്തപുരം) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.68/2024/Co-Op തീയതി,തിരുവനന്തപുരം, 02-02-2024

---

പരാമർശം:- 1. സ.ഉ (സാധാ) നം. 40/2024/സഹ തീയതി 19/01/2024

2. 23/01/2024 ലെ സഹകരണ സംഘം രജിസ്ട്രാറുടെ പി&എം എ (5)8244/2023 നം കത്ത്

**ഉത്തരവ്**

അരുവിക്കര ഫാർമേഴ്സ്സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം .റ്റി.603 (തിരുവനന്തപുരം) ന് "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം ബാങ്കിന് നേരിട്ടും SHG ഗ്രൂപ്പുകളിലൂടെയും അഗ്രികൾച്ചറൽ നഴ്സറി, അഗ്രി ലേബർ ബാങ്ക് കം സർവ്വീസ് സെന്റർ, അപ്ഗ്രഡേഷൻ ഓഫ് റൂറൽ അഗ്രി മാർക്കറ്റ്, അഗ്രി ഇൻപുട്ട് പ്രൊഡക്ഷൻ സെന്റർ, ഫുഡ് പ്രോസ്സസിംഗ് എന്നിവയ്ക്കായി 64.13 ലക്ഷം രൂപ [(2425-107-59-സബ്സിഡി 30,78,240 രൂപ) (4425-107-79-ഓഹരി-26,93,460 രൂപ) (6425-107-68-വായ്പ-6,41,300രൂപ)] (അറുപത്തിനാല് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ധനസഹായം, 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. എന്നാൽ ടി പദ്ധതി 2023-2024 സാമ്പത്തിക വർഷം നടപ്പാക്കേണ്ടതില്ലെന്ന് ബാങ്ക് ഭരണസമിതി തീരുമാനമെടുത്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നതായും ഈ സാഹചര്യത്തിൽ പ്രസ്തുത സംഘത്തിന് CITA പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള പ്രപ്പോസൽ 2023- 2024 സാമ്പത്തിക വർഷത്തിൽ പരിഗണിക്കേണ്ടതില്ല എന്നും പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അരുവിക്കര ഫാർമേഴ്സ്സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.റ്റി.603 (തിരുവനന്തപുരം) ന് "സാങ്കേതിക

വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" (CITA) പ്രകാരം ബാങ്കിന് നേരിട്ടും SHG ഗ്രൂപ്പുകളിലൂടെയും അഗ്രികൾച്ചറൽ നഴ്സറി, അഗ്രി ലേബർ ബാങ്ക് കം സർവ്വീസ് സെന്റർ, അപ്ഗ്രഡേഷൻ ഓഫ് റൂറൽ അഗ്രി മാർക്കറ്റ്, അഗ്രി ഇൻപുട്ട് പ്രൊഡക്ഷൻ സെന്റർ, ഫുഡ് പ്രോസ്സസിംഗ് എന്നിവയ്ക്കായി 64.13 ലക്ഷം രൂപ (അറുപത്തിനാല് ലക്ഷത്തി പതിമൂവായിരം രൂപ മാത്രം) ധനസഹായം, 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്ന ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അമൃത്‌ലാൽ എ ആർ
ഡെപ്യൂട്ടി സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 02-02-2024 11:50:10

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ ക്ക് .